# പെണ്ണ് ഇരയാകുമ്പോൾ



**ലൈംഗികാതിക്രമപരമ്പരകൾ അവസാനിക്കുന്നില്ല, സൂര്യനെല്ലി, വിതുര, കോഴിക്കോട് എന്നിങ്ങനെ... സ്ഥലനാമങ്ങളുടെ പേരിൽ പീഡനക്കഥകൾ മന:സാക്ഷിയെ മുറിവേൽപ്പിച്ചുകൊണ്ടിരിക്കുന്നു. ധനവും അധികാരവും കൈകോർക്കുമ്പോൾ കുറ്റക്കാർക്കുമുന്നിൽ നിയമം നിഷ്ക്രിയമാകുന്നു.**

■ സതീശ് സൂര്യൻ

നേട്ടങ്ങൾ ഒരുപാട് അവകാശപ്പെടാവുന്ന നാടാണ് കേരളം. ആഗോളവത്കരണയുഗത്തിൽ അൽപം കിതച്ചെങ്കിലും ആരോഗ്യ-വിദ്യാഭ്യാസ, സേവന മേഖലകളിൽ കേരളത്തിന്റെ നില ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇപ്പോഴും മുമ്പിലാണ്. മെച്ചപ്പെട്ട മനുഷ്യവിഭവശേഷിയും വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന തരത്തിലുള്ള ഉയർന്ന സാമൂഹിക സൂചികയും കേരളത്തിന്റെ അഭിമാനത്തിന്റെ സൂചികയും ഉയർത്തുന്നു. പഴയ പോലെ അല്ല.

തൊഴിലില്ലാത്തവരുടെ എണ്ണത്തിലും ഗൾഫ് രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നവരുടെ എണ്ണത്തിലും കുറവ് വന്നിട്ടുണ്ട്. താരതമ്യേന ശാന്തമായ സാമൂഹികാന്തരീക്ഷവും നമ്മുടെ നാട്ടിലുണ്ട്.

എന്നാൽ ഈ അഭിമാനത്തിന്റെ സൂചിക പാതാളത്തോളം താഴ്ത്തുന്ന മറ്റ് ചിലതുമുണ്ട്. നാട് "പുരോഗമിക്കുന്നുണ്ടെങ്കിലും" മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ള ശരാശരി കേരളീയന്റെ കാഴ്ചപ്പാട് മൃഗീയതയുടെ യുഗത്തിലേക്ക് തിരിച്ചുപോയിരിക്കുകയാണ്. കമ്പോളപരിഷ്കാരങ്ങൾ തുറന്നിട്ട വാതിലിലൂടെ കടന്നുവന്ന പുതുസംസ്കാരം സർവതിനെയും കച്ചവടവത്കരിച്ചു. എന്നാൽ അത് ചില സ്വാതന്ത്ര്യങ്ങളും നൽകിയിട്ടുണ്ട്. രാത്രി ഷിഫ്റ്റുകളിലെ ജോലി മുൻപ് കൂടുതലും പുരുഷൻമാരിലൊതുങ്ങിനിന്നപ്പോൾ രാത്രി ഷിഫ്റ്റുകൾ സ്ത്രീകൾക്കും ബാധകമായിത്തുടങ്ങി. സാമൂഹിക, രാഷ്ട്രീയമേഖലകളിൽ ഇക്കാലയളവിൽതന്നെയാണ് സ്ത്രീകളുടെ സാന്നിധ്യവും വർധിച്ചുതുടങ്ങിയത്. എന്നാൽ ഇത്തരം ചലനങ്ങൾ എന്തുതരം പ്രതികരണമാണ് കേരളത്തിലെ പുരുഷാധിപത്യസമൂഹത്തിൽ സൃഷ്ടിച്ചിട്ടുള്ളത് എന്ന് സാമൂഹികശാസ്ത്രജ്ഞർ കൂടുതൽ പഠിക്കേണ്ട കാര്യമാണ്. അധികാര ശ്രേണികളിൽ, നിയമത്തിന്റെ വഴികളിൽ പുരുഷാധിപത്യമൂല്യങ്ങൾ കൂടുതൽ പിടിമുറുക്കുകയാണ് ചെയ്തിട്ടുള്ളത് എന്നതിന് 90-കളുടെ രണ്ടാംപകുതി തൊട്ട് ശക്തിപ്രാപിച്ച പീഡനപരമ്പരകളുടെ പരിണതികൾ തന്നെ ഉദാഹരണമാണ്.

കമ്പോളവത്കരണം ശക്തമായ 90-കളിലാണ് സ്ത്രീപീഡനപരമ്പരകൾ കൂടുതലായി വെളിച്ചത്തുവന്നുതുടങ്ങിയത്. തീർച്ചയായും സ്ത്രീപീഡനങ്ങളും കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള ലൈംഗികാതിക്രമങ്ങളും ഇന്ത്യാരാജ്യത്ത് എവിടെയുമെന്ന പോലെ കേരളത്തിലുമുണ്ടായിരുന്നു. 87-ൽ നടന്ന അസംബ്ളി തെരഞ്ഞെടുപ്പിൽ ഇടുക്കി തങ്കമണിയിൽ സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ളവരോട് പുരുഷ പൊലിസുകാർ നടത്തിയ അതിക്രമങ്ങളും മലപ്പുറം ജില്ലയിലെ ചേകനൂരിൽ സുജാത എന്ന വീട്ടമ്മയെ കൊലപ്പെടുത്തിയ കേസിൽ നടന്ന രാഷ്ട്രീയ ഇടപെടലുകളും വിവാദ വിഷയങ്ങളായിരുന്നു. മാനഭംഗശ്രമത്തിനിടെയാണ് സുജാത കൊല്ലപ്പെട്ടതെന്ന ആരോപണവും ആരോപണവിധേയനായ ആൾ ഭരണകക്ഷിയുടെ പ്രവർത്തകനായിരുന്നതും സംഗതിയുടെ ഗൗരവം വർധിപ്പിച്ചു. ആരോപണവിധേയനായ ആളെ പിന്നീട് കുറ്റക്കാരനല്ലെന്ന് കണ്ട് വെറുതെവിടുകയാണ് ഉണ്ടായത്.

എന്നാൽ 90-കളിൽ കച്ചവടത്തിന്റെ മൂല്യങ്ങൾ കൂടുതൽ പിടിമുറുക്കിയതോടെ, പണത്തിന് കീഴ്പ്പെടാത്തതായി യാതൊന്നുമില്ല എന്ന അവസ്ഥ സംജാതമായതോടെ, സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ കൂടുതൽ കൂടുതൽ വെളിച്ചത്തുവന്നുകൊണ്ടിരുന്നു. മാധ്യമ വിസ്ഫോടനവും മാധ്യമരംഗത്തെ കിടമത്സരവും എല്ലാം ഇവ വെളിവാക്കുന്നതിൽ പങ്കുവഹിച്ചു. രാജ്യത്തെ ജനാധിപത്യത്തിന്റെ ശ്രീകോവിലുകളുടെ കൈകാര്യകർത്താക്കൾ വരെ കുറ്റാരോപിതരായി പൊതുജനത്തിന് മുമ്പിൽ തലകുമ്പിട്ടുനിന്നു.

## കുടുംബത്തിൽ തുടങ്ങുന്നു

ചാനലുകളിൽ പ്രത്യക്ഷപ്പെട്ട ഇരകളുടെ വെളിപ്പെടുത്തലുകൾ കേട്ട് വിയർപ്പുകിനിഞ്ഞ നെറ്റി തൂവാല കൊണ്ടു തുടച്ചു. സുഖം തേടിയ പരക്കംപാച്ചിലിൽ മറന്നുപോയ സ്വന്തം കുടുംബത്തിന്റെ അഭിമാനത്തെ അപ്പോൾ മാത്രം ഓർത്തു. എങ്കിലും പണവും അധികാരവും ഉണ്ടെങ്കിൽ എന്തും തേച്ചുമായ്ച്ചു കളയാനാകുമെന്ന് അവർക്കറിയാമായിരുന്നു. ഇന്നും അത്തരത്തിൽ കുറ്റാരോപിതരായവർ സമക്ഷമാണ് വനിതകളായ ജനപ്രതിനിധികൾ ഇരകളുടെ ദാരുണാവസ്ഥ വിവരിക്കുമ്പോൾ ഗദ്ഗദകണ്ഠരാകുന്നത്; നിലവിലുള്ള നിയമങ്ങൾക്ക് മൂർച്ച പോരെന്നും കുറ്റക്കാർക്ക് വധശിക്ഷ ഉറപ്പാക്കുന്ന നിയമം വേണമെന്നും വാദിക്കുന്നത്. ഉള്ള നിയമങ്ങളുടെ ശരിയായ നടത്തിപ്പിന്റെ അഭാവമാണ് ശിക്ഷകൾ ലഘൂകരിക്കപ്പെടുന്നതിന് കാരണമെന്ന് അവർ സൗകര്യപൂർവം മറക്കുകയാണ്. എല്ലാം വ്യവസ്ഥയുടെ തകരാറ് എന്ന് എളുപ്പത്തിലുള്ള ഒരൊറ്റ ഉത്തരത്തിൽ രക്ഷപ്പെടാവുന്നതേയുള്ളൂ. സ്വന്തം നിശ്ശബ്ദതയും അനീതികൾ പെരുകുന്നതിൽ കുറ്റക്കാരനാണ് എന്ന് മറയ്ക്കാൻ അത്രമാത്രം മതി.

ഫ്യൂഡൽ കാലത്തോട് കണക്കുതീർക്കാതെ നവമുതലാളിത്തത്തിലേക്ക് എടുത്തുചാടിയ സമൂഹം മനുഷ്യബന്ധങ്ങളെ സംബന്ധിച്ച് വരെ വലിയ ആശയക്കുഴപ്പത്തിലാണ്. ആണിന് ഒതുങ്ങിക്കഴിയേണ്ടവളാണ് പെണ്ണ് എന്ന് വിശ്വസിക്കുന്ന, കുടുംബാഭിമാനത്തിനും വംശാഭിമാനത്തിനും ക്ഷതമേല്പിച്ചാൽ വധശിക്ഷയിലപ്പുറമൊന്നുമില്ലെന്ന് വിശ്വസിക്കുന്ന ഒരു സമൂഹം, സ്ത്രീ ഒരു ഉപഭോഗവസ്തുവിൽ കവിഞ്ഞൊന്നുമല്ല എന്ന ധാരണ വെച്ചുപുലർത്തുന്ന കമ്പോളസംസ്കാരം സ്വീകരിച്ചതുകൊണ്ടുണ്ടായ ആശയക്കുഴപ്പമാണിത്. നിലനിൽക്കുന്ന അധികാരവ്യവസ്ഥയെ ശാശ്വതമാക്കുന്ന മൂല്യങ്ങളുടെ നടത്തിപ്പ് കുടുംബത്തിൽ നിന്നാരംഭിക്കുന്നു എന്ന് മാർക്സ് നിരീക്ഷിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിൽ പുറത്തുവന്നിട്ടുള്ള പല ലൈംഗികാതിക്രമങ്ങളിലും കുറ്റം ആരോപിക്കപ്പെടുന്നവർ പിതാവോ, അമ്മാവനോ, സഹോദരനോ ആകുന്നുവെന്നതിൽ ഒട്ടും ഞെട്ടലുണ്ടാകേണ്ടതില്ല. പുരുഷന് ഏതർഥത്തിലും കീഴ്പ്പെട്ടുകഴിയേണ്ടവളാണ് സ്ത്രീ എന്ന ബോധം തന്നെയാണ് മിക്ക അമ്മമാരും പെൺമക്കൾക്ക് പകർന്നുനൽകുന്നത്.

കുടുംബത്തിലെ പുരുഷൻമാരുടെ ചെറിയ ചെറിയ അതിക്രമങ്ങൾക്ക് ആദ്യമേ കണ്ണടയ്ക്കാനാണ് അവരോട് നിർദ്ദേശിയ്ക്കപ്പെടുന്നത്. നവോത്ഥാനകാലത്ത് സുഖം എന്ന വാക്കിന് ആദർശാത്മകമായ ഒരു തലമാണ് ഉണ്ടായിരുന്നത്. കമ്പോളകാലത്ത് അത് മൃഗീയസുഖമായി മാറി. ആരെയും അതിന് ഉപാധിയാക്കുകയുമാകാം എന്ന് വന്നു. അപ്പോൾ മകളായാലെന്ത്, മരുമകളായാലെന്ത്? കുടുംബത്തിലെ ഈ അധികാരഘടനയാകട്ടെ. സമൂഹത്തിന് ഒരു കീഴ്വഴക്കമാകുകയും

നിയമവ്യവസ്ഥ അധികാരവും സമ്പത്തുമുള്ള ശക്തനായ പുരുഷന്റെ താത്പര്യങ്ങൾക്ക് വശംവദമാകാൻ വഴങ്ങാൻ വിധിയ്ക്കപ്പെട്ട സമകാല സ്ത്രീത്വത്തിന്റെ പ്രതീകമാകുകയും ചെയ്തു. സ്ത്രീയെ ഉപഭോഗവസ്തു എന്ന അവസ്ഥയിലെത്തിച്ചത് സ്ത്രീയുടെ ബോധപൂർവമുള്ള നിലപാടുകളല്ല. മറിച്ച് കുടുംബത്തിന്റെ മൂല്യങ്ങളും സമൂഹവും അനുശാസിക്കുന്നത് അവൾ അനുസരിച്ചുവെന്ന് മാത്രം. അതുപോലെ നിയമവ്യവസ്ഥയുടെ കുഴപ്പം കൊണ്ടല്ല അധികാരവും സമ്പത്തുമുള്ള പുരുഷന് അതു വഴങ്ങുന്നത്. അതിന്റെ നടത്തിപ്പുകാരുടെ കുഴപ്പം കൊണ്ടാണ്. കേരളത്തിൽ ഇതുവരെയുണ്ടായ സ്ത്രീപീഡന കേസുകൾ ഏറ്റുവാങ്ങിയ വിധിയെന്തെന്ന് പരിശോധിക്കുമ്പോഴാണ് ഇത് വ്യക്തമാകുക.



പി.ജെ. കുര്യൻ



പി.കെ കുഞ്ഞാലിക്കുട്ടി

## മുറുകിയ പ്രണയക്കുരുക്കും മുറുകാത്ത നിയമക്കുരുക്കും

നിരന്തരമായ ലൈംഗികചൂഷണത്തിന് ഇരയാക്കപ്പെട്ട ഒരുവളുടെ കഥ ആദ്യമായി ഇത്രയധികം ജനശ്രദ്ധയിൽ വരുന്നത് ഒരു പക്ഷേ, സൂര്യനെല്ലിയിലെ പെൺകുട്ടിയുടെ ദുർവിധിയോടെയായിരിക്കാം. ദൃശ്യമാധ്യമ രംഗത്ത് കാര്യമായ ചലനങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്ന കാലമായിരുന്നു അത്. കണ്ണീർ സീരിയലുകൾ അരങ്ങുവാഴുന്ന കാലം. ഒരു സാധാരണ പ്രണയകഥയിൽ ആരംഭിച്ച് തീരാത്ത ദുരിതങ്ങളിൽ അവസാനിച്ച ഒരു സാധാരണ പെൺകുട്ടിയുടെ കഥയായി പരമ്പരരൂപത്തിൽ ഒതുങ്ങുമായിരുന്ന അതിന് രാഷ്ട്രീയമായ ഉള്ളടക്കം കൈവരുന്നത് പ്രമുഖനായ ഒരു രാഷ്ട്രീയനേതാവ് അതിലുൾപ്പെടുന്നതോടെയാണ്. അങ്ങനെ പൊടുന്നനെ ഒരു രൂപഭേദം കഥയ്ക്ക് കൈവന്നില്ലായിരുന്നെങ്കിൽ പ്രണയിക്കാൻ മെനക്കെടുന്ന എല്ലാ പെൺകുട്ടികൾക്കുമുള്ള ഒരു ഗുണപാഠകഥ മാത്രമാകുമായിരുന്നു അത്. പക്ഷേ, നാല്പതുദിവസം നീണ്ട പീഡനപരമ്പര പുറത്തുവരികയും തന്നെ പീഡിപ്പിച്ച 43 പുരുഷൻമാരുടെ പേരുകൾ ആ 14 കാരി വിളിച്ചുപറയുകയും അതിലൊരാൾ ഇപ്പോഴത്തെ രാജ്യ



പി. ശശി

സഭാ ഉപാധ്യക്ഷൻ പി.ജെ. കുര്യൻ ആകുകയും ചെയ്തപ്പോൾ സംഭവം കൂടുതൽ വിവാദമായി. ഇരയ്ക്കനുകൂലമായും പ്രതികൂലമായും വാദങ്ങൾ മാധ്യമങ്ങളിൽ നിരന്നു. ചൂടും പുകയുമുയർത്തിയ വാദപ്രതിവാദങ്ങൾക്ക് ശമനം വന്നത് 1999-ൽ സംസ്ഥാനത്ത് ഇതാദ്യമായി ലൈംഗികാതിക്രമം കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക കോടതി രൂപീകരിച്ച് കേസ് വിചാരണയ്ക്കെടുത്തപ്പോഴാണ്. ഐ.ജി സിബി മാത്യൂസ് ആണ് കേസ് അന്വേഷിച്ചത്.

2000 സെപ്തംബർ ആറിന് പ്രത്യേകകോടതി 39 പ്രതികളിൽ 35 പേർക്ക് കഠിന ശിക്ഷ വിധിച്ചു. കണ്ടക്ടർ രാജു, ഉഷ എന്നിവർക്ക് 13 കൊല്ലത്തെ കഠിന തടവും വിധിച്ചു. ഇതിന് പുറമെ നാല് വർഷത്തെ തടവുകൂടി ഇരുവരും അനുഭവിക്കണമെന്നായിരുന്നു കോടതി വിധി. സിബി മാത്യൂസിന്റെ അന്വേഷണത്തിൽ കുര്യനെതിരെയുള്ള ആരോപണത്തിൽ തെളിവില്ലെന്ന് കണ്ടിരുന്നു. കുറ്റപത്രത്തിൽ പേരുമുണ്ടായിരുന്നില്ല. ഇതേതുടർന്ന് പീഡനത്തിന് ഇരയാക്കപ്പെട്ട പെൺകുട്ടി കോടതിയെ സമീപിച്ചു. കോടതി കുര്യനെ പ്രഥമദൃഷ്ട്യാ കുറ്റക്കാരനെന്നും കണ്ടു. മുഖ്യപ്രതി അഭിഭാഷകൻ കൂടിയായ ധർമരാജൻ വിചാരണയുടെ ആദ്യഘട്ടത്തിൽ ഒളിവിലായിരുന്നു.

2005-ൽ കേരള ഹൈക്കോടതി നേരത്തെ കുറ്റക്കാരെന്ന് കീഴ്ക്കോടതി കണ്ടെത്തിയ 35 പേരെയും വെറുതെ വിട്ടു. അഡ്വ. ധർമരാജന്റെ ശിക്ഷ മാത്രമാണ് ശരിവച്ചത്. പക്ഷേ, തടവുശിക്ഷയുടെ കാലാവധി അഞ്ചുവർഷമായി വെട്ടിക്കു

റച്ചു. 50,000 രൂപ പിഴയും ചുമത്തി.

തനിക്കെതിരെയുള്ള കോടതി വിധി കുര്യൻ മേൽക്കോടതികളിൽ ചോദ്യം ചെയ്തതിനെ തുടർന്ന് അദ്ദേഹത്തിനെതിരെയുള്ള വിധി റദ്ദാക്കപ്പെട്ടു. ഇര സംസ്ഥാന സർക്കാരിനെ പരാതിയുമായി സമീപിച്ചു. സംസ്ഥാന സർക്കാരാകട്ടെ കുര്യനെ ഒഴിവാക്കിയ ഹൈക്കോടതി നടപടിക്കെതിരെ സുപ്രീം കോടതിയെയും സമീപിച്ചു. പരമോന്നത നീതിപീഠം കുര്യനെതിരെ തെളിവില്ലെന്ന് വിധിച്ചു. ജസ്റ്റിസ് കെ.ജി ബാലകൃഷ്ണനും ജസ്റ്റിസ് ആർ.വി രവീന്ദ്രനും ഉൾപ്പെട്ട ബെഞ്ച് ഒരു സ്വകാര്യ അന്യായക്കാരിയ്ക്കുവേണ്ടി കോടതിയെ സമീപിച്ച സംസ്ഥാന സർക്കാർ നടപടിയെ വിമർശിക്കുകയും ചെയ്തു.

സൂര്യനെല്ലിയിലെ പെൺകുട്ടിയുടെ ഹർജി ഇപ്പോൾ സുപ്രിം കോടതിയിലാണ്. കേരളത്തിൽ ഒരു ദശകത്തിലധികം കാലം ചർച്ചചെയ്ത പെൺപീഡനക്കേസിൽ കോൺഗ്രസ് നേതാക്കളുൾപ്പെടെ സമൂഹത്തിൽ മാന്യൻമാരായി കണക്കാക്കപ്പെട്ട നാല്പത് പ്രതികളിൽ ധർമരാജൻ മാത്രമാണ് ശിക്ഷിക്കപ്പെട്ടത്. കുറ്റപത്രത്തിൽ പേരുകാരായ ധർമരാജൻ ഒഴികെയുള്ളവർക്ക് ശിക്ഷ ഉറപ്പാക്കുന്നതിൽ നിയമസംവിധാനം പരാജയപ്പെട്ടു. പ്രണയക്കുരുക്ക് മാത്രമാണ് മുറുകിയത്. നിയമക്കുരുക്കിന്റെ കാര്യത്തിൽ അതുണ്ടായില്ല. പെൺകുട്ടിയുടെ സ്വഭാവദൂഷ്യത്തെക്കുറിച്ചുവരെ പരാമർശിച്ചവർ നീതിനിർവഹണത്തിലെ പാളിച്ചകൾ വേണ്ടത്ര കണ്ടതുമില്ല.

## അലിഞ്ഞില്ലാതെയായ ഒരു കേസ്

കേരളരാഷ്ട്രീയത്തിൽ ഏറെ കോളിളക്കം സൃഷ്ടിച്ച മറ്റൊരു പെൺവാണിഭ കേസിന്റെ ഗതി എന്തായെന്ന് അന്വേഷിക്കുക. പരാജയപ്പെടുത്തപ്പെട്ട നിയമസംവിധാനത്തിന്റെ നിസ്സഹായത തന്നെയാണ് ഇവിടെയും കാണുക. സൂര്യനെല്ലിയിലെ പെൺകുട്ടിയുടെ കാര്യത്തിൽ പ്രണയമായിരുന്നു കുരുക്കായി മാറിയതെങ്കിൽ ഐസ് ക്രീം തന്നെയായിരുന്നു ഇവിടെ കെണിയൊരുക്കിയിരുന്നത്. മയക്കുമരുന്ന് കലർത്തിയ ഐസ്ക്രീം നൽകി അവരെ ബ്ളാക്ക് മെയിൽ ചെയ്ത് പിന്നീട് ലൈംഗിക ചൂഷണത്തിന് വിധേയരാക്കുന്നു എന്നതായിരുന്നു ആരോപണങ്ങളുടെ തുടക്കം. പിന്നീട് റയിൽവെ ട്രാക്കിൽ കാണപ്പെട്ട കൗമാരക്കാരായ രണ്ടു പെൺകുട്ടികളുടെ മൃതദേഹങ്ങളുമായും ഒരു കലാകാരന്റെ ആത്മഹത്യയുമായുമൊക്കെ ഈ കേസിനെ ബന്ധപ്പെടുത്തിക്കേട്ടു. മുസ്‌ലിം ലീഗ് നേതാവും എല്ലാക്കാലത്തെയും വ്യവസായമന്ത്രിയുമായ പി.കെ കുഞ്ഞാലിക്കുട്ടി, സിപിഎം നേതാവ് ടി.പി. ദാസൻ, സിപിഐ നേതാവ് രാജഗോപാൽ തുടങ്ങി രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്ത് തിളങ്ങിനിന്ന നിരവധി 'സൂര്യതേജസ്സു'കൾ ആരോപണങ്ങളുടെ പുകമറയിൽ മറഞ്ഞു.

പിന്നീട് അടവുനയത്തിന്റെ കാലത്ത് ഇടതും വലതുമുള്ള രാഷ്ട്രീയകക്ഷികൾ ആരോപണവിധേയരെ രക്ഷിക്കാൻ കച്ച മുറുക്കിയെന്നും പറയുന്നു. സദാചാരവിരുദ്ധ പ്രവർത്തനത്തിന് പിൽക്കാലത്ത് സിപിഎമ്മിൽ നിന്ന് പുറത്താക്കപ്പെട്ട പി. ശശിയ്ക്ക് എതിരെ ഈ കേസ് ഒതുക്കിത്തീർക്കാൻ ശ്രമം നടത്തിയെന്ന ആരോപണവുമുണ്ടായി. 2005-ൽ കുഞ്ഞാലിക്കുട്ടിയ്ക്കെതിരെ ആരോപണമുന്നയിച്ച അഞ്ചുപെൺകുട്ടികളിൽ രണ്ടുപേർ പിന്മാറി. തുടർന്ന് കുഞ്ഞാലിക്കുട്ടിയുടെ പ്രോസിക്യൂഷൻ ആവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി തള്ളി. തൊട്ടടുത്ത വർഷം തെളിവുകളുടെ അഭാവത്തിൽ കുഞ്ഞാലിക്കുട്ടിക്കെതിരെയുള്ള കേസ് സുപ്രിം കോടതിയും തള്ളി..

എന്നാൽ താല്കാലികമായി ഒരു ഭൂതത്തെ കുടത്തിലടയ്ക്കാനായി എന്ന് മാത്രമേ പറഞ്ഞുകൂടൂ. 2011-ൽ ബന്ധുവും ആപത്തുകാലത്തെ മിത്രവുമായ ഭാര്യാസഹോദരിയുടെ ഭർത്താവ് റൗഫ് കുഞ്ഞാലിക്കുട്ടിക്കെതിരെ ഗുരുതരമായ ആരോപണങ്ങളുമായി രംഗത്തെത്തി. വിധി അനുകൂലമാക്കുന്നതിന് ഹൈക്കോടതിയിലെ ജഡ്ജിമാരെയും ആരോപണമുന്നയിച്ചവരെയും കുഞ്ഞാലിക്കുട്ടി സ്വാധീനിക്കാൻ ശ്രമിച്ചുവെന്ന് റൗഫ് ഒരു പത്രസമ്മേളനത്തിൽ ആരോപണമുന്നയിച്ചു. പ്രതിപക്ഷനേതാവ് വി.എസ് അച്യുതാനന്ദൻ ആരോപണം ഏറ്റുപിടിച്ചു. വ്യവസായമന്ത്രി ഉൾപ്പെട്ട സർക്കാർ തന്നെ അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കാൻ പ്രത്യേക പൊലിസ് സംഘത്തെ നിയോഗിച്ചു. സംഘം അദ്ദേഹത്തെ കുറ്റക്കാരനല്ലെന്നും കണ്ടെത്തി.. കേസന്വേഷിക്കുമ്പോൾ വ്യവസായമന്ത്രിയായിരുന്ന കുഞ്ഞാലിക്കുട്ടി ഇപ്പോഴും വ്യവസായമന്ത്രി തന്നെ.

പെൺ പീഡനകേസുകൾ മനോഹരമായ പേരുകളിലറിയപ്പെടുന്നുവെന്നതാണ് നമ്മുടെ നാടിന്റെ ഒരു സവിശേഷത. മാരീചജൻമങ്ങൾ മാനായും ഐസ്ക്രീമായും പ്രണയമോഹമായും സീതയെ എന്നും മോഹിപ്പിച്ചുകൊണ്ടേയിരിക്കുന്നു. കിളിരൂരിലെ മാരീചൻ ടിവി സീരിയലായിരുന്നു. ടിവി താരമാകാൻ മോഹിച്ച ശാരി എന്ന പെൺകുട്ടിയെ നിരവധി പേർ ലൈംഗികമായി ചൂഷണം ചെയ്തുവെന്ന് പിതാവ് പൊലീസിൽ പരാതി നൽകി.

പരാതി നൽകുന്ന സമയത്ത് പെൺകുട്ടി ഒരു കുഞ്ഞിന് ജൻമം നൽകിയിരുന്നു. പരാതിയിൽ അന്വേഷണം നടന്നുകൊണ്ടിരിക്കെ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട പെൺകുട്ടി അവിടെ വച്ച് മരിക്കുകയും ചെയ്തു. വൃക്കത്തകരാറുമൂലമെന്ന് ഡോക്ടർമാരും പ്രസവാനന്തരമുള്ള പ്രശ്നങ്ങളെ തുടർന്നെന്ന് പൊലീസും മരണത്തെ വ്യാഖ്യാനിച്ചത് വലിയ കോലാഹലങ്ങൾക്കിടയാക്കി. തുടർന്ന് അന്ന് മുഖ്യമന്ത്രിയായിരുന്ന വി.എസ് അച്യുതാനന്ദൻ നടത്തിയ പ്രസ്താവനയും സിപിഎമ്മിലെ ശക്തമായ ഒരു വിഭാഗം കേസ് അട്ടിമറിക്കാൻ ശ്രമം നടത്തുന്നെന്ന ആരോപണവും വിവാദം കൊഴുപ്പിച്ചു. മുഖ്യമന്ത്രിയുടെ വിഐപി പ്രസ്താവനയിലെ സൂചനകൾ മുൻനിർത്തി ഉണ്ടായ ആരോപണങ്ങളിൽ കഴമ്പില്ലെന്ന് പിന്നീട് കേസ് അന്വേഷിച്ച സി.ബി.ഐ സംഘം കണ്ടെത്തി. കേസിൽ അഞ്ചു പേർക്ക് പ്രത്യേക കോടതി പത്ത് കൊല്ലത്തെ തടവുശിക്ഷ വിധിച്ചു. പക്ഷേ, പെൺകുട്ടിയുടെ കുടുംബം



ശാരിയുടെ ചിത്രവുമായി മകൾ

ആരോപിച്ചത് വലിയ മീനുകൾ ഇപ്പോഴും വലയ്ക്ക് പുറത്താണ് എന്നതുതന്നെയായിരുന്നു.

കവിയൂരിലെ കൂട്ട ആത്മഹത്യയും ലൈംഗിക ചൂഷണാരോപണവും പിതാവ് അനഘയെ ലൈംഗിക ചൂഷണം ചെയ്തെന്ന സിബിഐ കണ്ടെത്തലും അധികാരത്തിന്റെ ദു:സ്വാധീനത്തെക്കുറിച്ച് മറിച്ചൊരു ചിത്രമല്ല പൊതുസമൂഹത്തിന് നൽകിയിരിക്കുന്നതും. കിളിരൂർ, കവിയൂർ കേസുകൾക്ക് ബന്ധമുണ്ടെന്നും ഇതു കൂടി അന്വേഷണപരിധിയിൽ വരണമെന്നും മനുഷ്യാവകാശപ്രവർത്തകർ ആവശ്യപ്പെട്ടിരുന്നു. കേസിന്റെ പുനരന്വേഷണം എന്ന ആവശ്യവും നീതിപീഠത്തിന് മുന്നിലുണ്ട്.

കോതമംഗലം (1997), പൂവരണി,, വിതുര, കൊട്ടിയം, പറവൂർ, കോതമംഗലം (2011) ഇങ്ങനെ നീളുന്ന പട്ടികയിൽ മിക്കതിലും കേസന്വേഷണത്തെ അധികാരവും സമ്പത്തും സ്വാധീനിച്ചെന്ന് ആരോപണമുണ്ട്. മേൽപ്പറഞ്ഞ കേസുകളിൽ പലതിലും അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും ജനനായകപദവിയിൽ വിരാജിക്കുന്നവരുമായവർ ഉൾപ്പെടുമ്പോൾ ആ കേസ് തേഞ്ഞുമാഞ്ഞുപോകുകയോ യഥാർഥ പ്രതികൾ രക്ഷപ്പെടുകയോ ചെയ്യുന്നുവെന്നുള്ളതാണ് അനുഭവം.

ഈ കേസുകളിൽ എങ്ങനെ അധികാരകേന്ദ്രങ്ങൾ ഇടപെട്ടുവെന്നുള്ളതിന് തെളിവുകൾ നിരത്താനായിരുന്നില്ല ഇവിടെ ഉദ്യമം. കേസുകൾ പിന്നീട് ദുർബലപ്പെടുത്തുകയോ അട്ടിമറിക്കുകയോ ചെയ്യപ്പെട്ടുവെന്ന യാഥാർഥ്യം ഓർമിപ്പിക്കാൻ മാത്രമായിരുന്നു ശ്രമം. വീട്ടിൽ, വഴിയോരത്ത്, വിദ്യാലയങ്ങളിൽ, തൊഴിലിടങ്ങളിൽ, ആശുപത്രികളിൽ, പൊതുയോഗ കേന്ദ്രങ്ങളിൽ എവിടെയും സ്ത്രീയെ തനിക്ക് തുല്യയായ മനുഷ്യജൻമമായി കണക്കാക്കാൻ തയാറില്ലാത്തവരുടെ എണ്ണം പെരുകിവരികയാണ്.

അധികാരവും സമ്പത്തും ഉപയോഗിച്ച് നിയമവ്യവസ്ഥയെ അട്ടിമറിച്ച് സ്ത്രീപീഡന കേസുകളിൽ നിന്ന് തലയൂരാനാകും എന്ന് നേതാക്കളും സമൂഹത്തിൽ മാന്യസ്ഥാനം അലങ്കരിക്കുന്നവരും തെളിയിക്കുമ്പോൾ ആ മാതൃക പിന്തുടരാമെന്ന് സാധാരണമനുഷ്യർ കരുതിയാൽ അത് അവരുടെ ചിന്താശേഷിക്കുറവെന്ന് കരുതാനാകില്ല.

നിയമം അട്ടിമറിക്കപ്പെടുന്ന സന്ദർഭങ്ങൾ ഇത്തരത്തിൽ സുലഭമായി അടുത്തകാലത്തെ ചരിത്രത്തിൽ നിന്നുതന്നെ ഉദ്ധരിക്കാമെന്നിരിക്കെ പുതിയ നിയമനിർമാണത്തിന് പ്രസക്തിയുമില്ല. ഇത്തരമൊരു സന്ദർഭത്തിൽ മതനിഷ്ഠകൊണ്ട് സ്ത്രീയെയും പുരുഷനെയും നിയന്ത്രിക്കുക വഴി സദാചാരം പരിപാലിക്കാം എന്ന് കരുതുന്ന നാട്ടുകാരുടെ എണ്ണവും പൊലിസുകാരുടെ എണ്ണവും ഇപ്പോൾ പെരുകിവരുന്നുണ്ട്.

ഭൂലോകത്ത് സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെല്ലാം മനുഷ്യന്റെ (പുരുഷന്റെ) ഉപയോഗത്തിനുള്ളതാണെന്ന ന്യായത്തിലൂന്നിയ പ്രാകൃതമായ ഏതോ മതബോധത്തെ, ജീവിതവീക്ഷണത്തെ, അടിത്തറയാക്കി ആർത്തി പൂണ്ട മുതലാളിത്തത്തെ വളർത്തിയെടുക്കുമ്പോൾ മണ്ണിന്റെയും പെണ്ണിന്റെയും തേങ്ങൽ കേൾക്കാതെ പോകുന്നതിൽ അദ്ഭുതവുമില്ല. എല്ലാ കൈയേറ്റങ്ങളുടെയും കഥകൾ സബ്കമ്മിറ്റി അന്വേഷണങ്ങളിലും റിപ്പോർട്ടുകളിലും കോടതി നടപടികളിലും കുരുങ്ങിപ്പോകുന്നതുപോലെ തൊണ്ടയിൽ കുരുങ്ങിപ്പോവുകയാണ് പീഡനങ്ങൾക്കിരയാകുന്ന പെണ്ണിന്റെ കരച്ചിൽ. ●